# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.08.2026**

## പ്രധാനവാർത്തകൾ

1) നീറ്റ് വിഷയത്തിൽ ഉൾപ്പെടെ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.
2) അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത നൽകി കേന്ദ്രകാലാവസ്ഥ വകുപ്പ്. 4 ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
3) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി ഏകോപിതമായ തിരച്ചിൽ തുടരുന്നതായി സംസ്ഥാന സർക്കാർ.
4) സർക്കാർ ആശുപത്രികളിൽ വരുമാനം പരിഗണിക്കാതെ എല്ലാ രോഗികൾക്കും പേ വാർഡുകളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കാൻ നിർദേശം നൽകി ആരോഗ്യമന്ത്രി കെ. മുരളീധരൻ
5) സപ്ലൈകോ ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നാളെ എറണാകുളത്ത് നിർവഹിക്കും.

*************************

RNU TVPM

## പാർലമെൻറ്

നീറ്റ് വിദ്യാർത്ഥി സമരത്തിനെതിരായ പോലീസ് നടപടി ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. എംഎസ്എംഇ ഭേദഗതി ബിൽ പാർലമെൻറ് പാസ്സാക്കി. രാജ്യസഭ നേരത്തെ തന്നെ പാസ്സാക്കിയ ബിൽ ഇന്ന് ലോക്സഭയും അംഗീകരിക്കുകയായിരുന്നു. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ 84-ാം വാർഷികത്തോടനുബന്ധിച്ച് സ്വാതന്ത്ര്യസമര സേനാനികൾക്ക് പാർലമെൻറ് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇരുസഭകളും തിങ്കളാഴ്ച വീണ്ടും ചേരും.

*************************

## മഴ (ഇൻട്രോ)

സംസ്ഥാനത്തെ നാലു ജില്ലകളിൽ ഇന്ന് അതി തീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. പത്തനംതിട്ട മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും മലപ്പുറം മുതൽ കാസർകോട് വരെയുള്ള ജില്ലകളിലും നാളെ മഞ്ഞ ജാഗ്രതയാണ്.
കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.
(വോയ്സ്)
ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളം- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ കോളെജുകൾ ഒഴികെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു.

RNU TVPM

*************************

## കാസർഗോഡ്-മഴ (ഇൻട്രോ)

കാസർഗോഡ് ജില്ലയിൽ അതിതീവ്ര മഴ. മലയോര ഗ്രാമമായ നർക്കിലക്കാട് ഉരുൾ പൊട്ടി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് പ്രതിനിധി പി. ജഗന്നിവാസൻ.**

**(വോയ്സ്)**

*************************

## ഉരുൾ പൊട്ടൽ,

കണ്ണൂർ താബോറിൽ വീണ്ടും ഉരുൾപൊട്ടി. തൊണ്ടംകുന്ന് ഭാഗത്താണ് ഉരുൾപൊട്ടൽ. കഴിഞ്ഞ ദിവസവും ഈ ഭാഗത്ത് ഉരുൾപൊട്ടിയിരുന്നു. ഉദയഗിരി താബോർ റോഡ് ഇതേതുടർന്ന് അടച്ചു.

*************************

## രാജേഷ്-രക്ഷാപ്രവർത്തനം

കണ്ണൂരിൽ മഴക്കെടുതി രക്ഷാപ്രവർത്തനത്തിനിടെ മരിച്ച രാജേഷിന്റെ മൃതദേഹം ഫ്രീസറില്ലാതെ കൊണ്ടുപോയ സംഭവത്തിൽ അടിയന്തര റിപ്പോർട്ട് നൽകണമെന്ന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി റവന്യൂ മന്ത്രി എ. പി.അനിൽകുമാർ. ഇന്ന് തന്നെ അന്വേഷണറിപ്പോർട്ട് നൽകണമെന്നാണ് നിർദ്ദേശം. രാജേഷിന്റെ കുടുംബത്തിന് വേണ്ട എല്ലാ സഹായങ്ങളും ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

*************************

## മത്സ്യതൊഴിലാളി തിരച്ചിൽ

മുതലപ്പൊഴി, വിഴിഞ്ഞം, നീണ്ടകര മേഖലകളിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ് , ഇന്ത്യൻ കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, ജില്ലാ ഭരണകൂടം എന്നിവയുടെ നേതൃത്വത്തിൽ ഏകോപിതമായ തിരച്ചിൽ തുടരുന്നതായി സംസ്ഥാന സർക്കാർ. കോസ്റ്റ് ഗാർഡിൻറെ കപ്പലും ഡോണിയർ വിമാനവും മറൈൻ പൊലീസിൻറെ ബോട്ടുകളും മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും വിന്യസിച്ച് വ്യാപകമായ തിരച്ചിൽ നടത്തിയിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

*************************

## ഷിബു ബേബിജോൺ

നീണ്ടകരയിൽ മത്സ്യത്തൊഴിലാളി ഗൗതംകൃഷ്ണയെ കടലിൽ കാണാതായ സംഭവത്തിൽ തിരച്ചിൽ ഊർജിതമെന്ന് മന്ത്രി ഷിബു ബേബിജോൺ അറിയിച്ചു. ഗൗതമിന്റെ അമ്മ രേഷ്മയെ സന്ദർശിച്ചതിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗൗതം കൃഷ്ണയെ കണ്ടെത്താൻ വൈകുന്നതിന്

PNUTVPM

കാരണം അധികൃതരുടെ അലംഭാവമാണെന്നാരോപിച്ച് അമ്മ ഇന്നലെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷൻ പടിക്കലിരുന്ന് പ്രതിഷേധിച്ചിരുന്നു. മത്സ്യത്തൊഴിലാളികൾ കടൽക്ഷോഭത്തിൽപ്പെടുമ്പോൾ അടിയന്തര രക്ഷാപ്രവർത്തനത്തിന് സംവിധാനമൊരുക്കണമെന്ന് കെസിബിസി സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

**************************

## പിഎസ്സി

പ്ലാനിങ്ങ് ബോർഡിലേക്ക് കേരള പി.എസ്.സി 2023 ജൂലൈ 13 ന് നടത്തിയ പരീക്ഷയിലെ 10 ചോദ്യങ്ങളുടെ മൂല്യനിർണയം നടത്താൻ വിട്ടുപോയ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തോട് പൂർണമായും സഹകരിക്കുന്നുണ്ടെന്ന് പി.എസ്.സി വാർത്താക്കുറിപ്പിൽ അറിയിച്ചു. വിട്ടുപോയ ചോദ്യങ്ങളുടെ മൂല്യനിർണയം പൂർത്തീകരിക്കാനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ വിഷയം മുൻനിർത്തി മറ്റു പരീക്ഷകളുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ പരാതികൾ ഉന്നയിച്ച് കമ്മീഷൻറെ യശസ്സിനെ കളങ്കപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നതായും വാർത്താക്കുറിപ്പിൽ പറയുന്നു.

RNUTVPM

**************************

## പേ വാർഡ്

സർക്കാർ ആശുപത്രികളിൽ വരുമാനം പരിഗണിക്കാതെ എല്ലാ രോഗികൾക്കും പേ വാർഡുകളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കാൻ നിർദേശം നൽകി ആരോഗ്യമന്ത്രി കെ. മുരളീധരൻ. ഇത് സംബന്ധിച്ച് ഉത്തരവിറക്കാൻ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് മന്ത്രി നിർദേശം നൽകി. നിലവിൽ പേ വാർഡുകൾ ലഭിക്കാൻ ഒ.പി ടിക്കറ്റിൽ വരുമാനം 1600 രൂപയ്ക്ക് മുകളിലായിരിക്കണമെന്ന വ്യവസ്ഥ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾക്ക് കാരണമാകുന്ന എന്ന പരാതിയെ തുടർന്നാണ് നടപടി.

**************************

## അനൂപ് ജേക്കബ്

ഓണക്കാലത്ത് ഒരു ലക്ഷത്തി 65,000 മെട്രിക് ടൺ അരി പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുമെന്ന് ഭക്ഷ്യ മന്ത്രി അനൂപ് ജേക്കബ്. ഗോത്രവർഗ്ഗ ഉന്നതികളിലേക്ക് റേഷൻ ധാന്യങ്ങൾ നേരിട്ടെത്തിക്കുന്ന 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതിയുടെഉദ്ഘാടനം കാസർകോട് നിർവഹിക്കുകയായിരുന്നു മന്ത്രി.

*************************

<u>സപ്ലൈക്കോ മെഗാ ട്രേഡ് ഫെയർ (ഇൻട്രോ)</u>

ഓണത്തോടനുബന്ധിച്ച് മൂന്നു ജില്ലകളിൽ മെഗാ ട്രേഡ് ഫെയറും സമ്മാന പദ്ധതികളുമായി സപ്ലൈകോ. ഓണം മെഗാ ട്രേഡ് ഫെയറിന്റെ സംസ്ഥാന തല ഉദ്ഘാടനം എറണാകുളത്ത് നാളെ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ...

(ഹോൾഡ്)

RNIUTVPM

*************************

<u>ഷിബു പാലാഴി</u>

നാടക പ്രവർത്തകൻ ഷിബു പാലാഴി അന്തരിച്ചു. അസുഖ ബാധിതനായി ചികിത്സയിലിരിക്കെയാണ് മരണം. സ്കൂൾ നാടകങ്ങളിലൂടെയും, നാടക സംഘാടനങ്ങളിലൂടെയും ശ്രദ്ധേയനായിരുന്നു.

*************************

<u>രാസമാലിന്യം-ഇടുക്കി (ഇൻട്രോ)</u>

ഇടുക്കി മലങ്കര ഡാമിൽ വൻതോതിൽ രാസമാലിന്യം പടർന്നു. വെള്ളിയാമറ്റം വടക്കനാറിൽ നിന്നും ഡാമിലേക്ക് ഒഴുകിയെത്തിയ രാസമാലിന്യത്തിന് പിന്നിൽ സമീപത്തെ ഫാക്ടറികളാണെന്ന് സംശയം. മൂന്ന് ജില്ലകളിലെ കുടിവെള്ള-ജലസേചന പദ്ധതികളെ ബാധിക്കുന്ന സംഭവത്തിൽ ജില്ലാ ഭരണകൂടം അന്വേഷണം ആരംഭിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

(വോയ്സ്)

*************************

**<u>കെ മുരളീധരൻ</u>**

ഭിന്നശേഷിക്കാർക്ക് സർക്കാർ പ്രഖ്യാപിച്ച അവകാശങ്ങൾ ശക്തമായി നടപ്പിലാക്കുമെന്ന് മന്ത്രി കെ മുരളീധരൻ . കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാർക്കായി നീക്കിവെച്ച ക്വാട്ട അർഹരല്ലാത്തവർക്ക് നൽകാൻ ശ്രമിച്ചാൽ ശക്തമായ നടപടിയെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

*************************

**<u>കെ.എസ്.ഇ.ബി</u>**

ദീർഘകാല കുടിശ്ശിക

തീർപ്പാക്കാൻ, കെ.എസ്.ഇ.ബി ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ ഈ പദ്ധതിയിലൂടെ അനായാസം അടച്ചുതീർക്കാൻ കഴിയും. പലിശ തുക 6 മാസത്തെ തുല്യഗഡുക്കളായി അടയ്ക്കാനും അവസരമുണ്ട്. ബിൽ തുകയും പലിശയും ഒറ്റത്തവണയായി അടച്ചുതീർക്കുന്നവർക്ക് അധിക ഇളവും ലഭിക്കും. ഒക്ടോബർ 31 ആണ് അവസാന തീയതി.

RNU TVPM

*************************

*************************

**********